**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**01 June 2018 (16 Ramadan 1439 AH)**

# "RAMADAN & GOOD MANNERS".

# *റമദാനും നല്ല പെരുമാറ്റങ്ങളും*

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം *റമദാനും നല്ല പെരുമാറ്റങ്ങളും* എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റമദാൻ മാസം നമ്മിൽ നല്ല സ്വാഭാവങ്ങൾ സൃഷ്ടിക്കുന്നു. ഒരു പ്രവാചക വചനത്തിൽ ദൈവദൂതൻ ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു

1. കള്ളവും കറ്റുകെട്ടും ഉപേക്ഷിക്കാത്തവർ അന്നപാനീയങ്ങൾ ഉപേക്ഷിക്കേണ്ട യാതൊരു കാര്യവുമില്ലാ എന്ന് അല്ലാഹു(ത) പറയുന്നു. കാരണം അല്ലാഹു(ത) അവരുടെ വ്രതാനുഷ്ഠാനം സ്വീകരിക്കുന്നതല്ല. (ബുഖാരി)
2. വ്രതാനുഷ്ഠമെന്നാൽ അന്നപാനീയങ്ങൾ വേണ്ട എന്ന്വെയ്ക്കൽ മാത്രമല്ല എന്ന് മനസ്സിലാക്കണം. മറിച്ച് മോശസംസാരവും മോശപ്രവർത്തിയും ഉപേക്ഷിക്കൽ കൂടിയാണ്. ഒരുവൻ നിങ്ങളെ പ്രകോപിഷിക്കുകയോ നിങ്ങളോട് മോശമായി പെരുമാറുകയോ ചെയ്താൽ നിങ്ങൾ അവനോട് പറയൂ. ഞാൻ നോമ്പുകാരനാണ്.... ഞാൻ നോമ്പുകാരനാണ് (ബുഖാരി)

മുകളിൽ പറയപ്പെട്ട രണ്ട് വിശദീകരണങ്ങളും സത്യത്തിന്റേയും സൽസ്വഭാവത്തിന്റെയും പ്രാധാന്യം എടുത്തു പറയുന്നതാണ്. അങ്ങനെ ഈ അനുഗ്രഹീതമാസം അന്നപാനീയങ്ങളിൽ നിന്നു ഒഴിഞ്ഞു മാറി

നില്ക്കുവാൻ മാത്രമല്ല പഠിപ്പിക്കുന്നത്, മറിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും അവരുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ കാര്യങ്ങളിൽ നിന്നും വിട്ടു മാറിനില്ക്കുവാനും കല്പിക്കുന്നു.

ഒരു യഥാർത്ഥ വിശ്വാസിയെപറ്റി പ്രവാചകൻ(സ) വിവരിക്കുന്നത് ഇപ്രകാരമാണ് ഒരു മുസ്ലിം എന്നു പറഞ്ഞാൽ, അവന്റെ നാവുകൊണ്ടും കരങ്ങൾകൊണ്ടും മറ്റു മുസ്ലിംകൾ സുരക്ഷിതരായിരിക്കണം (ബുഖാരി)

ആയതിനാൽ വ്യക്തികൾ എന്ന നിലയിൽ നമ്മുടെ പോരായ്മകൾ എന്തൊക്കെയാണ് എന്ന് നാം ഓരോരുത്തരും സ്വയം വിലയിരുത്തേണ്ടതാണ്. എന്നിട്ട് അവ പരിഷ്ക്കരിക്കുവാൻ തയ്യാറാകേണ്ടതാണ്. എന്നിട്ട് നാം ഓരോരുത്തരും റസൂൽ(സ) യുടെ സുന്നത്തിനെ മുറുകെ പിടിക്കുവാൻ തയ്യാറാകേണ്ടതാണ്. താഴെപറയുന്ന പ്രവാചകവചനത്തിന്റെ മഹത്വത്തെ നാം എത്തിപിടിക്കുവാൻ ശ്രമിക്കേണ്ടതാണ്. താൻ ശരിയിലാണ് എന്നുറപ്പുണ്ടെങ്കിൽ പോലും, വാദമുഖങ്ങൾ ഉന്നയിക്കാതെ, കീഴടങ്ങുന്നവർക്ക് സ്വർഗ്ഗത്തിൽ ഒരു വീടുണ്ടെന്ന് ഞാൻ ഉറപ്പുനല്കുന്നു. തമാശയ്ക്കു പോലും ഒരു കള്ളം പറയാതെ പിന്മാറി പോകുന്നവന് സ്വർഗ്ഗത്തിന്റെ മധ്യത്തിൽ ഒരു ഭവനമുണ്ടെന്ന് ഞാൻ ഉറപ്പുനല്കുന്നു. സത്സ്വഭാവങ്ങളുള്ള വ്യക്തിക്ക് സ്വർഗ്ഗത്തിന്റെ സമുന്നതമായ സ്ഥാനത്ത് ഒരു ഭവനമുണ്ടെന്ന് ഞാൻ ഉറപ്പു നല്കുന്നു (അബൂദാവൂദ്)

കീഴ്പ്പെടുത്തുന്നതിനെ ഉപേക്ഷിക്കുന്നതിലൂടെ, ലജ്ജാകരമായ പ്രവർത്തികൾ ഉപേക്ഷിക്കുന്നതിലൂടെ, നിങ്ങളുടെ മുസ്ലിം സഹോദരീ സഹോദരന്മാരോടുള്ള ശത്രുതയും വിദ്വേഷവും ഉപേക്ഷിക്കുന്നതിലൂടെ, നിങ്ങളുടെ സഹോദരങ്ങളെ അവഹേളിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും പിന്മാറുന്നതിലൂടെ, രണ്ട് പേർ തമ്മിൽ പോർവിളി നടത്താതിരിക്കുയാണെങ്കിൽ, അതിലൂടെ അസമാധാനം സൃഷ്ടിക്കാതിരുന്നാൽ, അതിലൂടെ കൊല്ലും, കൊലയിലും കൊണ്ട് എത്തിക്കാതിരിന്നാൽ കള്ളവും,

കറ്റുകെട്ടും ഉപേക്ഷിച്ചാൽ, നമ്മുടെ വ്രതാനുഷ്ഠാനത്തിന്റെ അതിമഹത്തായ പ്രതിഫലങ്ങളെ നമുക്ക് നഷ്ടപ്പെടുത്താതിരിക്കുവാൻ സാധിക്കുന്നതാണ്. കാരണം നമ്മുടെ മഹാനായ പ്രവാചകൻ(സ) പറഞ്ഞു. ജനങ്ങളിൽ ചിലരുണ്ട്, അവർ വിശപ്പും, ദാഹവും സഹിക്കുന്നു എന്നല്ലാതെ യാതൊരു പ്രതിഫലവും നേടാത്തവരാണ് (ഇബ്ന് മാജ, അഹ്മദ്)

ആത്മാർത്ഥതയും സ്വാതികതയ്ക്കുമായി ഒരുവൻ നിശ്ചയമായും പോരാടേണ്ടതാണ്. അതുപോലെ മറ്റുള്ളവരെ കാണിക്കാനായി ചെയ്യുന്നതിൽ നിന്നും അകലം പാലിക്കേണ്ടതാണ്. ഇഹ്സാൻ എന്നാൽ ഇബാദത്ത് ചെയ്യലാണ്. (അല്ലാഹുവിനെ ആരാധിക്കലാണത്) അല്ലാഹുവിനെ നമ്മുടെ മുമ്പാകെ കാണുന്നപോലെ! നാം അവനെ അങ്ങനെ കാണുന്നില്ലെങ്കിൽ പോലും! എന്നാൽ (നാം ബോധവാന്മാരായിരിക്കണം) അവൻ എല്ലാം കാണുന്നവനാണ് നമ്മളേയും !

അതുകൊണ്ട്, നാം വ്രതാനുഷ്ഠാനത്തിലായിരിക്കുമ്പോൾ നാം നമ്മുടെ മേൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയും, മറ്റുള്ളവരെ കാണിക്കുവാനുള്ള പ്രവർത്തനങ്ങളിൽ നിന്ന് നാം അകലം പ്രാപിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ടാണ് അല്ലാഹു (ത) ഒരു ഖുദ്സിയായ ഹദീസിൽ വ്യക്തമാക്കിയത്. വ്രതാനുഷ്ഠാനം എനിക്കു വേണ്ടിയാണ്. അതിന്റെ പ്രതിഫലം ഞാനാകുന്നു. (ബുഖാരി) പരമോന്നതനായ അല്ലാഹു വ്രതാനുഷ്ഠാനത്തെ ഒരു പ്രത്യേക പ്രവർത്തിയായി നിശ്ചയിച്ചിരിക്കുന്നു. (പരിപൂർണ്ണമായും അവനു വേണ്ടി മാത്രമായിട്ടുള്ളത്) അവൻ പറയുന്നതു നോക്ക് വ്രതാനുഷ്ഠാനം എനിക്കു വേണ്ടിയാണ്. അല്ലാഹുവല്ലാതെ മറ്റാരുംതന്നെ, ഒരുവൻ നോമ്പുകാരാനാണോ അല്ലയോ എന്നറിയുന്നില്ല എന്ന സത്യം അവശേഷിക്കുന്നു.

റമദാൻ മാസത്തിൽ മുസ്ലിംകളിൽ സൗഹൃദവും, ഐക്യതയും നാം കാണുന്നു. ഹസ്രത് മുഹമ്മദ്(സ) പറഞ്ഞു. വ്രതമനുഷ്ഠിക്കുന്ന ദിനം ജനങ്ങൾ വ്രതമനുഷ്ഠിക്കുമ്പോഴാണ്. നോമ്പു തുറക്കുന്നത് അവരുടെ നോമ്പു തുറക്കുന്ന ദിനത്തിലാണ്. ത്യാഗദിനം എന്നത് ജനങ്ങൾ ത്യാഗം ചെയ്യുമ്പോഴാണ് (തർമിദി)

ഈ പ്രവാചക വചനത്തിന്റെ വിശദീകരണം, നാം നിർബന്ധമായും വ്രതമനുഷ്ഠിക്കുകയും, നോമ്പു തുറക്കുകയും ചെയ്യേണ്ടതാണ്, അത് ജമാഅത്തായിട്ടായിരിക്കണം. ജനങ്ങളിൽ അധികം പേരും, റമദാനിലെ നോമ്പുതുറയും ഒരു ഇബാദത്തായാണ് കണക്കാക്കുന്നത്, അതു സമുദായം ഒരുമിച്ച് ചേർന്ന് നിർവ്വഹിക്കുന്നു. അതിലൂടെ വളരെയധികം അനുഗ്രഹങ്ങൾ ലഭിക്കുന്നതാണ്. മറ്റു ഇബാദത്തുകളെപോലെ, അതായതു നമസ്ക്കാരം പോലെയുള്ള ഇബാദത്തുകൾ, അവിടെ വിശ്വാസികൾ തോളോട്തോൾ ചേർന്ന് നില്ക്കുന്നു. ഇഫ്ത്താറും ഒരു നിശ്ചിത സമയത്ത് എല്ലാവരും ഒരുമിച്ചുകൂടി (നോമ്പു തുറക്കുന്നു) നിർവ്വഹിക്കുന്നു. മുസ്ലിംകൾ അവരുടെ വ്രതാനുഷ്ഠാനം ഒരുമിച്ച് അവസാനിപ്പിക്കുന്നു. അതേസമയം, ഈ അനുഗ്രഹീത മാസത്തിൽ, ഏകസമുദായം, ഏക സമൂഹം എന്ന വിചാരധാരയ്ക്ക് ശക്തിയേകുന്നു. സൗഹൃദത്തിന്റെ ബന്ധം ശക്തിപ്പെടുന്നു. കാരണം നാം ഒരുമിച്ച് നോമ്പുപിടിക്കുന്നു. ഒരുമിച്ച് നോമ്പു തുറക്കുന്നു. മുസ്ലിംകൾ ഇന്ന് കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളെകുറിച്ചുള്ള ബോധത്തിന് ശക്തിപകരുന്നതാണ്. തന്റെ ദരിദ്രസഹോദരീ സഹോദന്മാരെകുറിച്ച് അവർക്ക് ചിന്ത ഉണ്ടാകുന്നു. കാരണം അന്നപാനീയങ്ങൾ ഇല്ലാതെ കഴിഞ്ഞുകൂടുന്നതിന്റെ പ്രയാസങ്ങൾ ഉൾക്കൊള്ളുകയും ജീവകാരണ്യ പ്രവർത്തനത്തിന് മുൻതൂക്കം നല്കുകയും ചെയ്യുന്നു.

അതെ!തീർച്ചയായും മുസ്ലിം ഐക്യവും അവരുടെ സഹകരണവും പരസ്പരസഹായവും ഇസ്ലാമിക അധ്യാപനത്തിന്റെ ഏറ്റവും മഹത്തായ അടിസ്ഥാനശിലയാണ്. അല്ലാഹു(ത) പറയുന്നു. നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത് 3:104

എല്ലാ മുസ്ലിംകളും, വിശിഷ്യാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ആശ്ലേഷിച്ച എന്റെ അനുചരന്മാർ, എപ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ട ഒരു കാര്യം, നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചു എന്നകാരണത്താൽ, നിങ്ങൾ അല്ലാഹുവിനു വേണ്ടി പ്രവർത്തിക്കുന്നവരാണ്,

അല്ലെങ്കിൽ ഈ വിനിതദാസനു വേണ്ടി അല്ലാഹുവിന്റെ ഖലീഫയ്ക്ക് വേണ്ടി ആനുകൂല്യങ്ങൾ ചെയ്യുന്നവരാണ് എന്ന് ധരിക്കരുത്. നിങ്ങൾ സത്യമായും മനസ്സിലാക്കണം! നിങ്ങൾ നിങ്ങളുടേതായ നിലയിൽ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ തിരിച്ചറിയുകയും അംഗീകരിക്കുകയും അതോടൊപ്പം അവന്റെ ഖലീഫയുടെ സത്യത ബോധ്യപ്പെടുകയും ചെയ്യേണ്ടതാണ്. ഇത് സ്വീകരിക്കുവാൻ ആരും നിങ്ങളെ നിർബന്ധിച്ചതല്ല. ആയതിനാൽ നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ആശ്ലേഷിച്ചപ്പോൾ, എല്ലാ കാര്യങ്ങളും നേരെയായി എന്ന് ഇതിനർത്ഥമില്ല. (അതായത് പെട്ടെന്നു തന്നെ നിങ്ങളുടെ കാര്യങ്ങളെല്ലാം നേരെയായി, എല്ലാ പ്രശ്നങ്ങളും പരിഹരിച്ചിരിക്കുന്നു) നിങ്ങളുടെ ജീവിതം നേരെയാക്കുവാൻ അനേകം ത്യാഗങ്ങൾ വരിക്കേണ്ടതുണ്ട്) അനേകം പരിഷ്ക്കരണ നടപടികൾ എടുക്കേണ്ടതുണ്ട്. നിങ്ങൾ ശരിയായ ഇസ്ലാമിലാകാൻ! യഥാർത്ഥ മുസ്ലിംകളാകാൻ! അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ എന്നെ തിരിച്ചറിയുകയും എന്നിട്ട് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയും എന്നിട്ട് നിരാശരായി തീരുകയും സാത്താന്റെ കുട്ടാളികളായി തീരുകയും, അങ്ങനെ സത്യപാതായിൽ നിന്ന് വഴി തെറ്റി പോവുകയും ചെയ്ത, അങ്ങനെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ ത്യജിക്കുകയും ചെയ്തവർക്കുള്ള നാശമെ! നിങ്ങൾ മനസ്സിലാക്കുക. നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുകയും, ഈ നൂറ്റാണ്ടിൽ അവൻ നിയോഗിച്ച അവന്റെ ഖലീഫയെ അംഗീകരിക്കുകയും എന്നിട്ട് തിരസ്ക്കരിക്കുകയും ചെയ്തവർ, പശ്ചാത്താപിക്കുകയും, ജീവിതം നന്നാക്കുകയും ചെയ്തില്ലെങ്കിൽ അവർക്ക് സംഭവിക്കുന്ന നാശമെ!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്ന് ആളുകളെ പുറത്താക്കുവാനുള്ള പദ്ധതിയുമായി ജമാഅത്ത് അഹ്മദിയ്യയും മറ്റുള്ളവരും രംഗത്തുണ്ട് ! കപടവിശ്വാസികളും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ പിടിച്ചു കുലുക്കുകയാണ്, അവർ അല്ലാഹുവിലും അവന്റെ ഖലീഫയിലും പൂർണ്ണമായും വിശ്വസിച്ചിട്ടില്ല നിങ്ങൾ പശ്ചാത്തപിക്കുകയും

യഥാർത്ഥ മുസ്ലിംകൾ ആയി തീരുകയും ചെയ്യുന്നില്ലെങ്കിൽ അല്ലാഹുവിന്റെ ശിക്ഷവന്നിറങ്ങുന്നതിനെ കരുതലോടെയിരിക്കുക.

നിങ്ങൾ നിഷ്ക്കളങ്കരാണെങ്കിൽ നിങ്ങൾക്ക് വിഷമിക്കുവാനൊന്നുമില്ല. നിങ്ങളെയും നിങ്ങളുടെ ഈമാനെയും സംരക്ഷിക്കുന്നത് അല്ലാഹുവാകുന്നു. ഇനി നിങ്ങൾ കപടവിശ്വാസികളാണെങ്കിൽ, അല്ലാഹു (ത) നിങ്ങളെ അവൻ തന്നെ അവന്റെ ജമാഅത്തിൽ നിന്നും നീക്കം ചെയ്യുന്നതാണ് (ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ നിന്ന്)

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഇതിലെ ആളുകളെ പുറത്താക്കുന്ന ഒരു നടപടിയും സ്വീകരിക്കുന്നതല്ല, മറിച്ച് അല്ലാഹു (ത) ഇതിൽ ആത്മാർത്ഥത പുലർത്താത്തവരെയും കപടവിശ്വാസികളെയും പുറത്താക്കുന്നു. ഇവർ അവരുടേതായ കാരണങ്ങളാൽ സ്വയം പുറത്താകുന്നു. ഇതുകാണുമ്പോൾ, യഥാർത്ഥ വിശ്വാസികൾ നിരാശപ്പെടരുത്, മറിച്ച് അവർ അവരുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കേണ്ടതാണ്. ഇത് അല്ലാഹു (ത) അവരിലൂടെ നടപ്പാക്കുന്ന പരിക്ഷണങ്ങളാണ്. അതുകൊണ്ടാണ് അല്ലാഹു(ത) പറയുന്നത്. അല്ലാഹുവിന്റെ പാശത്തെ നിങ്ങൾ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ നഷ്ടകാരികളാകാതിരിക്കുന്നതിനായി നിങ്ങളുടെ സാഹചര്യം വളരെ ദയനീയമായി പോകാതിരിക്കാൻ!

മാത്രമല്ല, ഖലീഫത്തുല്ലാഹ് ഹസ്രത് മുനിർ അഹ്മദ് അസീം(അ) ഒരു വസ്തുത പ്രത്യേകം എടുത്തുപറയുകയുണ്ടായി തന്റെ കുടുംബത്തോട് മൊത്തത്തിൽ എല്ലാവരും തന്നിൽ വിശ്വസിക്കണമെന്ന് നിർബന്ധിച്ചിട്ടില്ല. തനിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ദൈവീക വെളിപാടുകൾ പോലും അവരെ അദ്ദേഹം അറിയിക്കുകയുണ്ടായില്ല. 2000 മാണ്ടോടാണ് ഈ പ്രശ്നങ്ങൾ ഉടലെടുക്കുന്നത് (മൗറിഷ്യസിലെ പറയപ്പെട്ട അമീറിന്റെ കുൽസിത ശ്രമങ്ങളിലൂടെയാണ് ഇതുണ്ടായത്) ഷെസില്ലെസിലെ അഹ്മദിയ്യാജമാഅത്തിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ കുടുംബാഗങ്ങൾ ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഖലീ

ഫത്തുല്ലാഹയും ഇത് സംബന്ധമായി സംസാരിക്കുകയുണ്ടായി. ഒരു സഹോദരൻ തന്റെ സഹോദരനെതിരിൽ എങ്ങനെയാണ് കുത്സിത പദ്ധതികൾക്കൊരുങ്ങുന്നത്. മറ്റൊരു സഹോദരൻ അദ്ദേഹത്തിൽ വിശ്വസിക്കുകയും, അദ്ദേഹത്തിന് ആസമയത്ത് ലഭിച്ചു കൊണ്ടിരുന്ന ദൈവീകവെളിപാടുകൾ രേഖപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ ഇപ്പോൾ, ഈ ആളുകളെല്ലാം എവിടെപോയി? അതുപോലെ ഖലീഫത്തുല്ല ദൈവീകദൃഷ്ടാന്തത്തിലെ ഒരു വെളിപാടിനെ അനുസ്മരിക്കുയുണ്ടായി. അല്ലാഹു (ത) അദ്ദേഹത്തോട് പറയുകയുണ്ടായി. അനേകർ വരുന്നതാണ്, ബുദ്ധിമാന്മാരും, സ്വാത്തികരും എന്ന നിലയിൽ, നിഷ്ക്കളങ്കരായ ആളുകളെപോലെ, അവർ വിശ്വസിക്കുന്നു എന്നു പറയും എന്നാൽ അവർ യഥാർത്ഥത്തിൽ വിശ്വാസികളല്ല. അവർ അല്ലാഹുവിന്റെയും ഖലീഫത്തുല്ലായുടേയും ജമാഅത്തു സ്സഹീഹിലൽ ഇസ്ലാമിന്റെയും ശത്രുക്കൾക്ക് വിവരം ചോർത്തുന്നവർ മാത്രമാണ്. ജമാഅത്തിനകത്തെ പാമ്പുകളെകുറിച്ച് തന്റെ ഒരു ശിഷ്യൻ കണ്ട സ്വപ്നത്തെപറ്റിയും പരാമർശിക്കുകയുണ്ടായി.

ഞാൻ എന്റെ പ്രസംഗ വിഷയത്തിലേക്ക് മടങ്ങിപോവുകയാണ്. വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത് (3:104)

വിശ്വാസികളായ പുരുഷന്മാരും, സ്ത്രീകളും സുഹൃത്തുക്കളാണ്. അവർ പരസ്പരം സംരക്ഷകരുമാണ്. അങ്ങനെ ഒരുമയെകുറിച്ച് ഇസ്ലാം ഊന്നിപറയുന്നു സമുദായം മൊത്തത്തിൽ ഒന്നായി ചേരാൻ അത് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ ഒരുമ റമദാൻ മാസത്തിൽ മാത്രമല്ല നിലനില്ക്കേണ്ടത്, അതേതുടർന്നു വരുന്ന മാസങ്ങളിലും തുടർന്നുള്ള ആരാധനകളിലും നിലനില്ക്കണം. ഉദാഹരണത്തിന് റസൂൽ(സ) നമ്മോട് 5 നേരെ നമസ്ക്കാരം ദിവസവും ജമാഅത്തായി നിർവ്വഹിക്കുവാൻ കല്പിച്ചു, ഇത് ഒറ്റയ്ക്ക് നമസ്ക്കരിക്കുന്നതിനേക്കാൾ 27 ഇരട്ടി പ്രതിഫലദായകമാണ്. അതുപോലെ ഈ സംഘടിത

ഉത്തേജനം ഹജ്ജ്വേളയിലും പ്രകടമാണ്. ഇതിലൂടെ സമുദായത്തിന്റെ മേൽ ഈ അനുഗ്രഹങ്ങൾ അല്ലാഹു (ത) സ്ഥാപിച്ചിരിക്കുകയാണ്.

അതുപോലെ, നമ്മുടെ ദൈനംദിന പ്രവർത്തനങ്ങളിലും, ഭക്ഷണം കഴിക്കിൽ പോലുളള കാര്യങ്ങൾ, സമുദായത്തിന്റെ ഐക്യത്തെ ഇസ്ലാം എടുത്തുകാട്ടുന്നു. ഇതു സംബന്ധമായി വഹ്ഷിഇബ്നുഹർബ് (റ) വിവരിക്കുന്നു. പ്രവാചകൻ(സ) യുടെ അനുചരന്മാരിൽ ചിലർ പറയുകയുണ്ടായി. ഞങ്ങൾ ഭക്ഷണം കഴിക്കുന്നു. എന്നാൽ ഞങ്ങൾക്ക് സംതൃപ്തി ലഭിക്കുന്നില്ല. പ്രവാചകൻ(സ) പ്രതിവചിച്ചു. നിങ്ങൾ ഒറ്റയ്ക്കാണോ ഭക്ഷിക്കുന്നത്? അതെ എന്ന് അനുചരന്മാർ പറഞ്ഞു. അപ്പോൾ റസൂൽ(സ) പറഞ്ഞു. നിങ്ങൾഒരുമിച്ച് ഭക്ഷണം കഴിക്കുക, ഭക്ഷണം കഴിക്കുന്നതിന് മുൻപ് അല്ലാഹുവിന്റെ നാമത്തെ ഉരുവിടുക. ഇത് നിങ്ങൾക്ക് അനുഗ്രഹപ്രദമായിരിക്കും (അബൂദാവൂദ്)

വിവിധ വിഭാഗങ്ങളായി പിരിഞ്ഞു നിന്നിരുന്ന തന്റെ അനുചരന്മാരുടെ അടുത്തേക്ക് ഒരിക്കൽ പ്രവാചകൻ (സ) ചെല്ലുകയുണ്ടായി. എന്നിട്ട് അവരോടു പറഞ്ഞു. നിങ്ങൾ എന്തേ അകലെ അകലെരിക്കുന്നത്? അതേ തുടർന്ന്, അബൂത്വലാബ അൽഖുഷാനി(റ) പറഞ്ഞു (യാത്രസമയത്ത്) ഞങ്ങൾ ഒരിടത്തു ഇറങ്ങി നില്ക്കുമ്പോൾ, വഴിയരികിലും, താഴ്വരയിലും ഞങ്ങൾ പല സംഘങ്ങളായി മാറി നില്ക്കുക പതിവാണ്. അപ്പോൾ റസൂൽ(സ) പറഞ്ഞു. ഈ താഴ്വരയിലും വഴിയരുകുകളിലും നിങ്ങളെ അകറ്റി നിർത്തുന്നത് പിശാചു തന്നെയാണ്. അതിനുശേഷം ഞങ്ങൾ യാത്രമധ്യേ ഒരിടത്തും അകന്നു നിന്നിട്ടില്ല. ഞങ്ങൾ ഇരിക്കുമ്പോൾ എല്ലാവരും ചേർന്ന് ഒരിടത്തിരിക്കും, അതായത് ഒരു വല എറിഞ്ഞാൽ ഞങ്ങൾ എല്ലാവരും ആ വലയ്ക്കകത്തായിരിക്കുന്ന അവസ്ഥയിലായിരിക്കും ഞങ്ങൾ! (അബൂദാവൂദ്)

വ്രതാനുഷ്ഠാനം ആരോഗ്യത്തിന് വളരെ നല്ലതാണ്. മരുന്നിലൂടെ ലഭ്യമാകുന്ന പല പ്രയോജനങ്ങളും അത് നല്കുന്നു. ആരോഗ്യസംരക്ഷണത്തിന് ഇസ്ലാം വളരെ വലിയ അധ്യാപനങ്ങളാണ് നല്കുന്നത്. അതു

പാലിക്കുവാൻ മുസ്ലിംകളോട് കല്പിക്കുകയും ചെയ്യുന്നു. ശക്തമായ ശരീരം കാത്തു സൂക്ഷിക്കുവാൻ അത് ആഹ്വാനം ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു. ശക്തനായ വിശ്വാസി ഏറ്റവും നല്ലവനാണ്, അല്ലാഹുവിന് അവനെ ദുർബലനായ വിശ്വാസിയെക്കാൾ ഏറെ ഇഷ്ടവുമാണ്, ഇരുവരിലും നന്മയുമുണ്ട് (മുസ്ലിം)

വിശുദ്ധഖുർആനിൽ അല്ലാഹു (ത) പ്രഖ്യാപിക്കുന്നു. നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു. ഒരേ ഒരു സമുദായം (ഒരേ മാർഗത്തിൽ ചരിക്കുന്നവർ) ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ 21:93

വീണ്ടും അല്ലാഹു(ത) പറയുന്നു. നിശ്ചയമായും വിശ്വാസികൾ സഹോദരങ്ങൾ തന്നെയാണ് 49:11

മുസ്ലിംകൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഒരു പ്രവാചകവചനത്തിലൂടെ റസൂൽ(സ) വ്യക്തമാക്കുന്നു. നിശ്ചയമായും മുസ്ലിംകളെല്ലാവരും ഒരു ശരീരം പോലെയാകുന്നു. വേദനയാൽ ഇതിലെ ഒരുഭാഗം പുളയുകയാണെങ്കിൽ, ശരീരം മുഴുവനും ഉറക്കമില്ലായ്മയാലും, വേദനയാലും വിഷമിക്കുന്നതാണ് (ബുഖാരി, മുസ്ലിം, തിർമിദി)

അവസാനമായി, ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയാണ്, യാ അല്ലാഹ് ! ഞങ്ങൾ സ്വയം സംസ്ക്കരിച്ച് നന്നാക്കുവാനുള്ള കഴിവ് നീ ഞങ്ങൾക്ക് പ്രദാനം ചെയ്യേണമെ! ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തു തരേണമെ! ഞങ്ങളെ നീ നേർപാതയിൽ നയിക്കേണമെ! ആമീൻ, സുമ്മആമീൻ, യാറബ്ബൽ ആലമീൻ!

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in